സംസ്കരണത്തിനുള്ള (സ്വീവേജ്) പ്ലാന്റ് 31-10-2012-ൽ പ്രവർത്തനം ആരംഭിക്കുമെന്നും ശേഷിക്കുന്ന നഗരങ്ങളായ കൊല്ലം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ മലിനജല സംസ്കരണ പ്ലാന്റുകൾ മൂന്ന് വർഷത്തിനുള്ളിൽ (2015 മാർച്ച് വരെ) സ്ഥാപിക്കാനായി സമയം അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ശേഷിക്കുന്ന ജില്ലകളായ പത്തനംതിട്ട, ഇടുക്കി, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ സെപ്റ്റേജ് (സെപ്റ്റിക് ടാങ്കുകളിൽ നിന്നും നീക്കം ചെയ്യുന്ന മാലിന്യങ്ങൾ) സംസ്കരിക്കുന്നതിനുള്ള Stand alone Septage Treatment Plant-കൾ സ്ഥാപിക്കാനുള്ള സമയം 2015 മാർച്ച് വരെ നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. ഇവയിൽ തിരുവനന്തപുരത്തെ മലിനജല സംസ്കരണ പ്ലാന്റ് 26-6-2013-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) കക്കൂസിൽനിന്നും നീക്കംചെയ്യുന്ന മാലിന്യങ്ങൾ സംസ്കരിക്കാൻ സൗകര്യം നിലവിലില്ലാത്തതിനാൽ എല്ലാ ജില്ലകളിലും അതിനുള്ള സൗകര്യം ഉണ്ടാക്കണമെന്ന് ഉത്തരവായിട്ടുണ്ടായിരുന്നു. അതിന്റെ ഭാഗമായി സെപ്റ്റിക് ടാങ്കുകളിൽനിന്നും ശേഖരിക്കുന്ന മാലിന്യം സംസ്കരിക്കാനായി KSUDP-യുടെ ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ഒഴികെയുള്ള സ്ഥലങ്ങളിൽ പ്ലാന്റുകളുടെ നിർമ്മാണം തുടങ്ങുന്നതിന് കഴിഞ്ഞിരുന്നില്ല. വിവിധ ഏജൻസികളിൽനിന്നും അനുമതികൾ കിട്ടുന്നതിനുള്ള താമസം, ഹൈക്കോടതി ഉത്തരവുകൾ, സ്ഥലവാസികളുടെ എതിർപ്പ് എന്നിവമൂലം പൂർത്തിയാക്കാമെന്ന് ഏറ്റിരുന്ന രീതിയിൽ കാര്യങ്ങൾ നീക്കാനായി കഴിഞ്ഞിരുന്നില്ല.

## തദ്ദേശ സ്ഥാപനങ്ങൾക്ക് ധനകാര്യ കമ്മീഷൻ ലഭ്യമാക്കുന്ന ഗ്രാന്റ്

16 (*588) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്ഥാപനങ്ങൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ് ;

(ബി) ധനകാര്യകമ്മീഷൻ ശുപാർശ പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് ലഭിച്ചാൽ എത്ര ദിവസത്തിനകം ആയത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതുണ്ട് ;

(സി) 2012-13-ൽ ഇത് ലഭിച്ചത് എപ്പോഴായിരുന്നു ; സ്ഥാപനങ്ങൾക്ക് നൽകിയത് എപ്പോഴായിരുന്നു ;

(ഡി) 2013-14-ലെ ഗ്രാന്റ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എപ്പോൾ ; അവ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകിയത് എപ്പോഴാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഗ്രാന്റ് കൃത്യസമയത്ത് തന്നെ തദ്ദേശസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ വീഴ്ച ഉണ്ടായത് ആരുടെ ഭാഗത്തുനിന്നാണ് ; വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ&ബി) വികസനത്തിനും അഭിവൃദ്ധിപ്പെടുത്തലിനുമായി ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും വർഷാവർഷം സംസ്ഥാന ബഡ്ജറ്റിലൂടെ അനുവദിക്കുന്ന ഫണ്ടിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഗ്രാന്റുകൾ കൂടി ചേർത്താണ് നൽകിവന്നിരുന്നത്. ഇത് 2011-12 കേന്ദ്ര ധനകാര്യ കമ്മീഷൻ നിർദ്ദേശാനുസരണം പ്രത്യേകമായി വർഷത്തിൽ രണ്ട് തവണകളായി കേന്ദ്രത്തിൽ നിന്നും ലഭിച്ച് മൂന്ന് ദിവസത്തിനുള്ളിലോ എല്ലാ ജനുവരി, ജൂലൈ മാസങ്ങളിലെ ആദ്യ ആഴ്ചയിലോ ധനവകുപ്പ് മേൽ പറഞ്ഞ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വികസന ഫണ്ട് അക്കൗണ്ടിലേക്ക് വരവ് വച്ച് നൽകേണ്ടതുണ്ട്. 2012-13 മുതൽ ഇതിൽ ജൂലൈയിലെ (രണ്ടാം) തവണ കേന്ദ്ര സർക്കാരിൽനിന്നും ഗ്രാന്റ് കിട്ടിയതിനുശേഷമോ ജനുവരി ഒന്നാം ആഴ്ചയിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുമെന്ന് ധനവകുപ്പ് ഉത്തരവായിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്/അറിയിപ്പ് കേന്ദ്ര സർക്കാരിൽനിന്നും യഥാസമയം ലഭിക്കുന്നതിനുള്ള കാലതാമസംമൂലം 2012-13 വർഷത്തെ 1-ാം ഗഡു ജൂലൈ മാസത്തിൽ വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

(സി) പഞ്ചായത്ത് സ്ഥാപനങ്ങൾക്കുള്ള ജനറൽ പെർഫോമൻസ് ഗ്രാന്റിന്റെ 1-ാം ഗഡു 19-3-2013-ലും നഗര ഭരണ സ്ഥാപനങ്ങൾക്കുള്ള ഒന്നാം ഗഡു 30-3-2013-ലും ലഭിച്ചു. പ്രാദേശിക സർക്കാരുകൾക്കുള്ള അടിസ്ഥാന (basic) ഗ്രാന്റിന്റെ 1-ാം ഗഡു 9-7-2012-ൽ ലഭിച്ചു. കൂടാതെ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കാത്തതിന്റെ പേരിൽ മറ്റ് സംസ്ഥാനങ്ങൾക്ക് നഷ്ടപ്പെട്ട (forfeited) നഗരഭരണ സ്ഥാപനങ്ങൾക്കുള്ള ജനറൽ പെർഫോമൻസ് ഗ്രാന്റ് വിഹിതം 30-3-2013-ലും ലഭിക്കുകയുണ്ടായി. 9-7-2012-ൽ കേന്ദ്ര സർക്കാർ റിലീസ് ചെയ്ത തുക 25-7-2012-ൽ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചുനൽകി. മറ്റ് വിഹിതങ്ങൾ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്നതിനുമുമ്പ് തന്നെ 4-1-2013-ൽ പ്രാദേശിക സർക്കാരുകൾക്ക് നൽകുകയുണ്ടായി.

(ഡി) 2013-14-ൽ കേന്ദ്രസർക്കാരിൽനിന്നും ഗ്രാന്റ് ലഭിച്ചിട്ടില്ല.

(ഇ) 2012-13 വർഷത്തെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഒന്നാം ഗഡു അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്/അറിയിപ്പ് കേന്ദ്ര സർക്കാരിൽനിന്നും യഥാസമയം ലഭിക്കുന്നതിനുണ്ടായ കാലതാമസംമൂലമാണ് കൃത്യസമയത്ത് ഗ്രാന്റ് വിതരണം ചെയ്യാൻ കഴിയാതിരുന്നത്. മിക്ക സന്ദർഭങ്ങളിലും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നതിനുമുമ്പ് തന്നെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് പ്രാദേശിക സർക്കാരുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly